**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4897** **20-03-2025 - ൽ മറുപടിയ്ക്ക്**

**നാഷണൽ ഹൈവേ 185-ന്റെ വികസന പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ 185-ന്റെ (അടിമാലി - കുമളി) വികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിലുള്ള വികസന പ്രവർത്തനമാണ് നടത്തുന്നതിനായി തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ദേശീയപാത 185 -ന്റെ വികസന പ്രവർത്തനങ്ങളുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനായി M/s Planning Infra & LKT Engineer എന്ന DPR consultant-നെ നിയോഗിച്ചിട്ടുള്ളതും അവർ പ്രസ്തുത പ്രവൃത്തിയുടെ ആദ്യഘട്ട (Phase-1) ത്തിനായുള്ള DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി രേഖ (DPR) പ്രകാരമുള്ള അലൈൻമെന്റ് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് അംഗീകരിച്ചിട്ടുണ്ട്.<br><br>ആദ്യഘട്ടത്തിൽ 15/500 മുതൽ 42/725 വരെയുള്ള 27.225 km നീളമുള്ള highway 25.44 km design length ആയാണ് പുനർനിർമ്മിക്കുന്നത്. അംഗീകരിച്ച വിശദമായ പദ്ധതി രേഖ (DPR) പ്രകാരം 30m Right of Way-യിൽ 7.00m carriage Way യും ഇരുവശത്തും 1.5 m shoulder ഉം ഉൾപ്പെടുത്തി, വളവുകൾ നിവർത്തിയാണ് റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ആവശ്യമായ പാലങ്ങൾ, കലുങ്കുകൾ, ബസ് ബേയ്സ്, സർവ്വീസ് റോഡുകൾ ഇവ നൽകിയിട്ടുണ്ട്.<br><br>ഡ്രെയിനേജ് സംവിധാനം, റോഡ് സംരക്ഷണത്തിനാവശ്യമായ സംരക്ഷണ ഭിത്തി എന്നിവ ആവശ്യമുള്ള സ്ഥലങ്ങളിൽ നൽകിയിട്ടുണ്ട്. 2 Major bridges-കളും 9 Minor bridges-കളുമാണ് ഈ DPR-ൽ ഉൾപ്പെട്ടിട്ടുള്ളത്. Utility shifting ഉൾപ്പെടെയുള്ള 499.611 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കേന്ദ്രഉപരിതല ഗതാഗത വകുപ്പിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റ് എങ്ങനെയെന്ന് വ്യക്തമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ